**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 6106** **09.07.2013 ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ഗുരുതരമായ രോഗങ്ങൾക്ക് ഒന്നിലധികം തവണ ചികിൽസാ സഹായം**

**ചോദ്യം**

ശ്രീ. പി. തിലോത്തമൻ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ഗുരുതരമായ രോഗങ്ങൾക്ക് ചികിൽസാ സഹായം ഒന്നിലധികം തവണ അനുവദിക്കാറുണ്ടോ; എങ്കിൽ അപ്രകാരം ഗുരുതരമായ രോഗങ്ങളുടെ ചികിൽസയ്ക്ക് വീണ്ടും ധനസഹായം ലഭിക്കേണ്ടവർ അപേക്ഷ നൽകേണ്ട നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ബി) ഏതെല്ലാം രോഗങ്ങൾ ബാധിച്ചവർക്കാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ഒന്നിലേറെ തവണ ചികിൽസാ സഹായം ലഭിക്കാൻ അർഹതയുളളത്; വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. ഉമ്മൻ ചാണ്ടി**
**(ബഹു. മുഖ്യമന്ത്രി)**

**(എ) & (ബി)**

ഉണ്ട്. ക്യാൻസർ, ഹൃദയസംബന്ധമായ രോഗം, കിഡ്നി, ന്യൂറോ സംബന്ധമായ രോഗം, എയിഡ്സ്, ഹീമോഫീലിയ എന്നീ ഗുരുതര രോഗങ്ങൾക്ക് മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ഒരിക്കൽ ധനസഹായം ലഭ്യമായാൽ വീണ്ടും 2 വർഷം കഴിഞ്ഞ് ധന സഹായം ലഭ്യമാക്കാൻ വേണ്ടി അപേക്ഷിയ്ക്കാവുന്നതാണ്. അപേക്ഷയോടൊപ്പം 6 മാസത്തിൽ കവിയാത്ത മെഡിക്കൽ സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ് എന്നിവയുടെ പകർപ്പുകൾ (അതായത് ആദ്യം അപേക്ഷ നൽകിയതുപോലെ) സഹിതം സമർപ്പിക്കേണ്ടതാണ്.

Vajan
**സെക്ഷൻ ഓഫീസർ.**